# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3084 — 20/12/2012 - ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടർ വിതരണ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പാചക വാതക സിലിണ്ടർ വിതരണം കൃത്യമായി നടപ്പിലാക്കുന്നതിന് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ജോലികളുടെ വിശദാംശം അറിയിക്കുമോ; | (എ) പാചകവാതക സിലിണ്ടർ വിതരണവുമായി ബന്ധപ്പെട്ട് ഗ്യാസ് ഏജൻസികളെ സംബന്ധിച്ച പരാതികൾക്കുമേൽ എൽ.പി.ജി. റെഗുലേഷൻ ആക്ട് 2000 പ്രകാരം പരിശോധന നടത്തുവാനും, നടപടി കൈക്കൊള്ളുവാനുമുള്ള അധികാരം വകുപ്പിൽ നിക്ഷിപ്തമാണ്. കൂടാതെ വീട്ടാവശ്യത്തിനുള്ള ഗ്യാസ് സിലിണ്ടർ ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തുവാൻ ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ റെയ്ഡുകൾ നടത്തുവാനും, ക്രമക്കേടുകൾക്ക് പിഴ ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുവാനും വകുപ്പിന് അധികാരമുണ്ട്. |
| (ബി) ഈ രംഗത്ത് നിലനിൽക്കുന്ന ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് പുതിയ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(സി) ഇല്ലായെങ്കിൽ ഇത്തരം പരിപാടികൾക്ക് രൂപം കൊടുക്കുന്നതിന് തയ്യാറാകുമോ? | (ബി) യും (സി) യും കേരള സർക്കാരിന്റെ 02/05/2012 ലെ നം.9/12/ഭ.സി.സ.വ. ഉത്തരവു പ്രകാരം, ഗ്യാസ് ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഭക്ഷ്യോപദേശക സമിതി അംഗങ്ങൾ, അതത് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, സ്ഥലത്തെ സർക്കാർ ഇതര സ്ഥാപനങ്ങളിലെ രണ്ട് പ്രതിനിധികൾ, ബന്ധപ്പെട്ട ഫർക്കാ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുകയും, പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ